## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 514 27.9.2011-ൽ മറുപടിക്ക്

### രാജീവ് ആവാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) ചേരി നിർമ്മാർജ്ജനത്തിന് സംസ്ഥാനത്ത് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ; | എ) ചേരി നിർമ്മാർജ്ജനത്തിന് കേന്ദ്ര സർക്കാർ സഹായത്തോടെ<br>ബി.എസ്.യു.പി (ബേസിക് സർവീസ് ടു അർബൻ പുവർ),<br>ഐ.എച്ച്.എസ്.ഡി.പി (സംയോജിത ഭവന ചേരി വികസന പദ്ധതി)<br>ആർ.എ.വൈ (രാജീവ് ആവാസ്‌യോജന)<br>എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| ബി) രാജീവ് ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | ബി) 'ചേരി രഹിത ഇന്ത്യ' എന്ന ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാരുകളുടെയും നഗര സഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് രാജീവ് ആവാസ് യോജന. നിലവിലുള്ള ചേരികളെ നഗരത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന തരത്തിൽ നഗര വികസനം ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സമയബന്ധിത കർമ്മ പരിപാടിയാണിത്. പാർപ്പിടം, മറ്റ് സാമൂഹ്യവും അല്ലാതെയുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വികസനത്തിലൂടെയും പുനരുദ്ധാരണത്തിലൂടെയും നഗരചേരികളെ മൊത്തം നഗരവികസനത്തിന്റെ ഭാഗമാക്കി വികസിപ്പിക്കുയാണിവിടെ ചെയ്യുന്നത്.<br>കേരളത്തിലെ അഞ്ചു കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

ബി) കേന്ദ്രം നിഷ്കർഷിക്കുന്ന ചേരി എന്ന നിർവ്വചനത്തിൽ സംസ്ഥാനത്തെ ചേരികൾ ഉൾപ്പെടുമോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

സി) 2010ൽ USHA (Urban Statistics for Human Resource& Assessment) പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ചേരികളെ സംബന്ധിച്ചുള്ള നിർവചനം ക്രോഡീകരിക്കുകയുണ്ടായി. ഈ അവസരത്തിൽ തന്നെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം പ്രണാബ് സെൻ കമ്മിറ്റിയും ചേരികളെ സംബന്ധിച്ചുള്ള നിർവചനം രൂപീകരിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ നിർവചിച്ച ചേരികളുടെ നിർവചനം കേന്ദ്ര സർക്കാരിന്റെ നിർവചനത്തേക്കാൾ വ്യക്തത വരുത്തിക്കൊണ്ടുള്ളതാണ്. എന്നാൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരു ചേരിയായി പരിഗണിക്കുന്നിടത്തെ കുറഞ്ഞ വീടുകളുടെ എണ്ണത്തിൽ സംസ്ഥാന സർക്കാർ 10 വീടുകൾ പരിഗണിക്കുമ്പോൾ കേന്ദ്ര സർക്കാർ 20 വീടുകളെയാണ് പരിഗണിക്കുന്നത്. ആവശ്യമായി വന്നാൽ കേന്ദ്ര സർക്കാരിനോട് മാറ്റം വരുത്തുന്നതിനുള്ള നടപടിക്കായി അഭ്യർത്ഥിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ